## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4143 20.03.2018-ൽ മറുപടിയ്ക്ക്.

### വയോജനങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതി വിഹിതം

| ചോദ്യം<br><br>ശ്രീ.കെ.മുരളീധരൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വയോജനങ്ങളുടെ ക്ഷേമത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ എത്രശതമാനം തുകയാണ് നിലവിൽ നീക്കിവയ്ക്കുന്നത്; | എ) | പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതവും എസ്.സി. എസ്.പി, റ്റി.എസ്.പി എന്നിവയുടെ വിഹിതവും കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക ഏതൊക്കെ പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നത്;വിശദാംശം നൽകുമോ? | (ബി) | വിശദാംശം ചുവടെ ചേർക്കുന്നു.<br>• വയോജന നയത്തിനും മാർഗ നിർദ്ദേശങ്ങൾക്കും അനുയോജ്യമായ പ്രോജക്ടുകളാണ് വൃദ്ധരുടെ ക്ഷേമത്തിന് വേണ്ടി ഏറ്റെടുക്കേണ്ടത്.<br>• വയോജനങ്ങൾക്ക് യോഗ പരിശീലനം നൽകുന്ന പ്രോജക്ടുകൾ ആയുഷുമായി സഹകരിച്ച് സംഘടിപ്പിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | • വിനോദകേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.<br><br>• വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും റാമ്പ്, കുടിവെള്ളം, ടോയ് ലറ്റ്, ഇരിപ്പിടം മുതലായ സൗകര്യങ്ങളും ആശുപത്രികളിൽ വയോജനങ്ങൾക്ക് പ്രത്യേകം "ക്യൂ"-വിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുന്ന പ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത്.<br><br>• വയോജനങ്ങളുടെ അറിവും അനുഭവവും ശേഷിയും പദ്ധതി ആസൂത്രണം, മോണിട്ടറിംഗ്, വിലയിരുത്തൽ ഉൾപ്പെടെയുള്ള സാമൂഹിക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.<br><br>• പകൽവീടുകൾ ഒരുക്കാവുന്നതാണ്<br><br>• പകൽവീട് ആരംഭിക്കുന്നതിന് വേണ്ടി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പ്രവർത്തനക്ഷമ മാക്കിയിട്ട്, ആവശ്യമെങ്കിൽ മാത്രമേ, പകൽവീടിനുവേണ്ടി പുതിയ കെട്ടിടനിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.<br><br>• വൃദ്ധ സദനം ആരംഭിക്കാവുന്നതാണ്.<br><br>• കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന് വിതരണം, പോഷകാഹാര വിതരണം എന്നിവ ഏർപ്പെടുത്തുന്ന പ്രോജക്ടുകൾ ഏർപ്പെടുത്താവുന്ന താണ്.<br><br>• ശാരീരിക പ്രയാസങ്ങൾ നേരിടുന്നവർക്കും വയോജനങ്ങൾക്കും |

| | | | |
|---|---|---|---|
| | | | അനുയോജ്യമായ ഉപകരണങ്ങൾ, പരിഹാര സംവിധാനങ്ങൾ മുതലായവ ഏർപ്പെടുത്തുന്നതിന് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്<br><br>• വയോജനങ്ങൾക്കും സാന്ത്വന പരിചരണം ആവശ്യമുള്ളവർക്കും ശാരീരിക - മാനസിക, സാംസ്കാരിക, പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പ്രോജക്ടു കൾക്ക് മുൻഗണന നൽകണം.<br><br>• ആശാവർക്കർമാർ, ആരോഗ്യവകുപ്പ് ഫീൽഡ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്ന ഗ്രൂപ്പ് രണ്ടാഴ്ചയിലൊരിക്കലും കിടപ്പുരോഗികളും അവശരുമായ അഗതികളുടെ വീട് സന്ദർശിച്ച് അവർക്ക് പരിചരണ പ്രവർത്തനങ്ങൾ നടത്തുന്ന പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ